**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 480** **08-10-2024 - ൽ മറുപടിയ്ക്ക്**

**വിവിധ വിഭാഗം ഉദ്യോഗസ്ഥരുടെ ക്ഷാമബത്ത കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ; | (എ) | **സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും / വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും (യു.ജി.സി/എ.ഐ.സി.ടി.ഇ/ മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ടവർ ഒഴികെ) 01.07.2021 മുതൽ ആകെ 19% ക്ഷാമബത്ത / ക്ഷാമാശ്വാസം നല്കാനുണ്ട്. യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ട അദ്ധ്യാപകർക്ക് / പെൻഷൻകാർക്ക് 01.01.2022 മുതൽ ആകെ 19% ക്ഷാമബത്ത / ക്ഷാമാശ്വാസം നല്കാനുണ്ട്.** |
| (ബി) | വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എന്ന് മുതലുള്ള ഡി.ആർ. നൽകാനുണ്ടെന്നും എത്ര ശതമാനം ഡി.ആർ. കുടിശികയുണ്ടെന്നും അറിയിക്കാമോ; | (ബി) | **സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും / വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും (യു.ജി.സി/എ.ഐ.സി.ടി.ഇ/ മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ടവർ ഒഴികെ) 01.07.2021 മുതൽ ആകെ 19% ക്ഷാമബത്ത / ക്ഷാമാശ്വാസം നല്കാനുണ്ട്. യു.ജി.സി/എ.ഐ.സി.ടി.ഇ/മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ട അദ്ധ്യാപകർക്ക് / പെൻഷൻകാർക്ക് 01.01.2022 മുതൽ ആകെ 19% ക്ഷാമബത്ത / ക്ഷാമാശ്വാസം നല്കാനുണ്ട്.** |
| (സി) | സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥർക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ; | (സി) | **കുടിശ്ശികയില്ല** |
| (ഡി) | സംസ്ഥാനത്ത് ഹൈക്കോടതി, ജില്ലാ കോടതി, മുൻസിഫ് കോടതി എന്നിവിടങ്ങളിലുള്ള ജഡ്ജി, മജിസ്ട്രേറ്റ് തുടങ്ങിയവർക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും പ്രത്യേകം അറിയിക്കാമോ; | (ഡി) | **കുടിശ്ശികയില്ല** |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തെ ഗവർണർ, മുഖ്യമന്ത്രി, മറ്റ മന്ത്രിമാർ, ക്യാബിനറ്റ് പദവിയുള്ള മറ്റ് വ്യക്തികൾ തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് എന്ന് മുതലുള്ള ക്ഷാമബത്ത നൽകാനുണ്ടെന്നും എത്ര ശതമാനം ക്ഷാമബത്ത കുടിശികയുണ്ടെന്നും അറിയിക്കാമോ; | (ഇ) | സംസ്ഥാനത്തെ ഗവർണർ, മുഖ്യമന്ത്രി, മറ്റ മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് തുടങ്ങിയവരുടെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നൽകുന്ന നിരക്ക് തന്നെയാണ് അനുവദിച്ചിട്ടുള്ളത്. ക്യാബിനറ്റ് പദവിയിൽ ഡൽഹി കേരള ഹൗസിൽ നിയമിച്ചിട്ടുള്ള കേരള സർക്കാരിന്റെ പ്രത്യേക പ്രതിനിധിയുടെ സ്റ്റാഫിന് ക്ഷാമബത്ത കുടിശ്ശിക നല്കാനില്ല. |
| (എഫ്) | ക്ഷാമബത്ത കുടിശിക ലഭ്യമാക്കാത്തതിനാൽ പ്രതിമാസം മൊത്ത ശമ്പളത്തിന്റെ എത്ര ശതമാനം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും കുറവുണ്ടാകുന്നുണ്ട് എന്ന് അറിയിക്കാമോ; | (എഫ്) | **കണക്കാക്കിയിട്ടില്ല** |
| (ജി) | സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഏറ്റവും ഒടുവിൽ അനുവദിച്ച ക്ഷാമബത്ത ആകെ കുടിശികയുടെ എത്ര ശതമാനമാണെന്നും ആയത് കുടിശികയായ തീയതി മുതലുള്ളത് ലഭ്യമാക്കിയിട്ടുണ്ടോ എന്നും അറിയിക്കാമോ? | (ജി) | **സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും (യു.ജി.സി / എ.ഐ.സി.ടി.ഇ / മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ടവർ ഒഴികെ) ആകെ കുടിശികയുടെ 9.5% ഉം യു.ജി.സി / എ.ഐ.സി.ടി.ഇ / മെഡിക്കൽ എഡ്യൂക്കേഷൻ സ്കീമിൽ ഉൾപ്പെട്ട അദ്ധ്യാപകർക്ക് 42.42% ഉം ആണ് അനുവദിച്ചിട്ടുള്ളത്. ആയത് 01.04.2024 മുതലാണ് ലഭ്യമാക്കിയിട്ടുള്ളത്.** |

സെക്ഷൻ ഓഫീസർ